ആക്ഷൻ പ്ലാൻ
ഡിസംബർ 2015

ഡിസംബറിൽ ആരംഭിക്കുന്ന കരുണയുടെ വർഷത്തോടു ബന്ധപ്പെടുത്തി കുടുംബ കൂട്ടായ്മകളുടെ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതു നന്നായിരിക്കും. താഴെ പറയുന്ന ഒരു മാതൃക സ്വീകരിക്കാവുന്നതാണ്.

1. ഡിസംബർ 8 നു ആഗോള സഭയിൽ കരുണയുടെ വർഷത്തിനു ആരംഭം കുറിക്കുന്നു. ഡിസംബർ 13നു കേരളസഭയിൽ ഔദ്യോഗികമായി തുടക്കം കുറിക്കുന്നു. ഇടവകയിലെ ഉദ്ഘാടന കർമ്മത്തിൽ സജീവമാകുക.

2. കരുണയുടെ വർഷത്തെക്കുറിച്ചു യൂണിറ്റംഗങ്ങൾക്കു അവബോധം നല്കുക.

3. മാർപാപ്പയുടെ *Misericordiae Vultus*എന്ന അപ്പസ്തോലിക പ്രബോധനം ഏതാനും പേർ വായിച്ചു മനസ്സിലാക്കി യൂണിറ്റംഗങ്ങൾക്കു വിശദീകരിച്ചു കൊടുക്കുക (മലയാളം ലഭ്യമാണ്). കാരുണ്യ വർഷത്തെക്കുറിച്ചുള്ള ഫ്രാൻസിസ് പാപ്പയുടെ മനസ്സ് ഇതിൽ നിന്നും മനസ്സിലാക്കിയെടുക്കുക.

4. ഈ ആചരണത്തോടനുബന്ധിച്ച് അതിരൂപത തയ്യാറാക്കിയിട്ടുള്ള കർമ്മ പദ്ധതികൾ വിശദമായി മനസ്സിലാക്കുക. യൂണിറ്റു തലത്തിൽ ഇതിനോടു ചേർന്നു പ്രവർത്തിക്കുന്നതിനു പദ്ധതികൾ ആസൂത്രണം ചെയ്യുക.

5. കരുണയുടെ വർഷം അനുരഞ്ജനത്തിന്റെ വർഷമാകണം. കുമ്പസാര കൂദാശയുടെ ആവശ്യകത യൂണിറ്റ് അംഗങ്ങളെ ബോധ്യപ്പെടുത്തുക.

6. വ്യക്തികൽ തമ്മിലും, കുടുംബങ്ങൾ തമ്മിലും, മറ്റുമുള്ള വഴക്കുകളും തർക്കങ്ങളും പറഞ്ഞുതീർക്കുവാൻ കുടുംബ യൂണിറ്റു ഭാരവാഹികൾ ഈ മാസം മുൻകൈ എടുക്കുക. ആവശ്യമെങ്കിൽ വികാരിയച്ചന്റെയും, സിസ്റ്റേഴ്സിന്റെയും സഹായം തേടുക.

7. ഈ വർഷത്തെ 25 നോമ്പ് മേൽപറഞ്ഞ ഉദ്ദേശ്യത്തോടെ അനുഷ്ഠിക്കുക. നോമ്പാചരണം അതിന്റെ ശരിയായ അരൂപിയിൽ ആചരിക്കുക.

8. *ഉണ്ണിശോക്കു ഒരു രൂപ* പദ്ധതി ഈ വർഷവും നാം നടത്തുന്നു. 25 നോമ്പിന്റെ ത്യാഗഫലമായി നാം സംഭരിക്കുന്ന തുകയാണിത്. ഇതു സമാഹരിച്ചു പള്ളിയിൽ ഏല്പിക്കുവാൻ ശ്രദ്ധിക്കുക. ഇതിനെക്കുറിച്ച് യുണിറ്റംഗങ്ങളെ ബോധ്യപ്പെടുത്തുക. ക്യാൻസർ രോഗികളുടെ ചികിത്സക്കു വേണ്ടി ഈ പണം നാം ഉപയോഗിക്കുന്നു.